



സ്വപ്നങ്ങൾ

ആകാശം ഇരുണ്ടിരുന്നു. മഴ തകർത്ത് പെയ്യുന്നുണ്ട്. മീര ജനാലയ്ക്കരികിൽ മഴയും നോക്കി ഇരുന്നു . മഴയെ അവൾ അത്രമാത്രം സ്നേഹിച്ചിരുന്നു!

മേഘങ്ങൾ ഉയർന്നപ്പോൾ, മീര അവളുടെ സഹോദരി റാണിക്കൊപ്പം പുറത്തേക്ക് ഓടി. ടെറസിൽ നിന്ന് വീഴുന്ന മഴ ത്തുള്ളികൾ പിടിച്ചെടുക്കാൻ അവർ കൈകൾ കൂട്ടിപ്പിടിച്ചു. പിന്നീട് പറമ്പിലെ വെള്ളം കെട്ടി നിൽക്കുന്ന കുഴികളിൽ അവർ ചാടി ക്കളിച്ചു . ചെറിയ നീർ ചാലുകളിലൂടെ അവർ കടലാസ് തോണികൾ ഒഴുകി. എന്തൊരു രസം!



പെട്ടെന്ന്, ഏതോ മായാജാലത്താൽ എന്ന പോലെ, മാനത്ത് മനോഹരമായ ഒരു മഴവില്ല് പ്രത്യക്ഷപ്പെട്ടു. ചുവപ്പ്! നീല! മഞ്ഞ! പർപ്പിൾ! എത്രയെത്ര അത്ഭുതകരമായ നിറങ്ങൾ! മീരയുടെ കണ്ണുകൾ മഴവില്ലിൽ തങ്ങി നിന്നു .



അൽപം കഴിഞ്ഞ് , സ്വപ്നക്കാഴ്ച പോലെ, ആകാശത്ത് ഒരു പാലം പ്രത്യക്ഷപ്പെടുന്നത് അവൾ കണ്ടു! ഓ, അത് എവിടേക്ക് പോകുന്ന പാലമാണ് എന്ന് അത്ഭുതപ്പെട്ടുകൊണ്ടു അവൾ പാലത്തിന് കുറുകെ നടക്കാൻ തുടങ്ങി. അപ്പോൾ ലോകം മുഴുവൻ തന്റെ ചുറ്റും നീണ്ടു നിവർന്നു കിടക്കുന്നപ്പോലെ അവൾക്ക് തോന്നി !

അതിനിടയിൽ

"മീരേ ! അമ്മ നമ്മളെ വിളിക്കുന്നുണ്ട് ട്ടൊ !" എന്ന് റാണി പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞപ്പോൾ , മീര സ്വപ്ന ലോകം വിട്ട് തിരിച്ചെത്തി .

പിറ്റേന്ന് ഒരു പ്രവൃത്തി ദിവസമായിരുന്നു. മീരയും റാണിയും പതിവുപോലെ സ്കൂളിലേക്ക് നടക്കുകയായിരുന്നു . പെട്ടെന്ന് ആകാശത്ത് തങ്ങളുടെ തലയ്ക്കു മുകളിലൂടെ ഒരു വെളുത്ത കൊക്ക് പറന്നു പോകുന്നത് അവർ കണ്ടു.

മീര കണ്ണുകൾ അടച്ചു. അപ്പോൾ അവളും പറന്നുയരാൻ തുടങ്ങി ! കാടുകളും മലകളും നഗരങ്ങളും പട്ടണങ്ങളും അങ്ങു താഴെ പരന്നു കിടക്കുന്നു. പക്ഷേ വളരെ പെട്ടെന്നു തന്നെ , റാണിയുടെ ശബ്ദം അവളെ സ്വപ്നത്തിൽ നിന്ന് തിരികെ എത്തിച്ചു .





മീര കണ്ട ഏറ്റവും അത്ഭുതകരമായ കാഴ്ചകൾ അവളുടെ സ്വന്തം ഗ്രാമത്തിലെ പ്രതിമകളും പുരാതന ക്ഷേത്രങ്ങളുമായിരുന്നു. അവ കണ്ടപ്പോൾ മീര അവൾക്ക് പ്രിയപ്പെട്ട ശിൽപങ്ങൾ സ്വന്തമായി കൊത്തിയെടുക്കുന്നതായി സങ്കൽപ്പിച്ചു. വലുതാവുമ്പോൾ ഒരു ശിൽപിയാകാൻ അവൾ വളരെയധികം ആഗ്രഹിച്ചിരുന്നു!

"നമുക്ക് രണ്ടുപേർക്കും ശിൽപികളാകാം!" ക്ഷേത്രത്തിനരികിലൂടെ കടന്നുപോകുമ്പോഴെല്ലാം അവൾ റാണിയെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു ..

അവരുടെ വീടിനടുത്ത് ധാരാളം മത്സ്യങ്ങളുള്ള ഒരു കുളം ഉണ്ടായിരുന്നു.




മീനുകളുടെ വിചിത്രമായ ജീവിതം നിരീക്ഷിക്കാൻ മീരക്ക് വലിയ ഇഷ്ടമായിരുന്നു . അവയെ നോക്കിക്കൊണ്ടിരുന്നപ്പോൾ അവളുടെ ഭാവന വീണ്ടും കാടുകയറി. അവൾ വിശാലമായ സമുദ്രത്തിൽ നീന്തിത്തുടിക്കാൻ തുടങ്ങി ! പിന്നെ അവൾ തിരമാലകൾക്ക് മുകളിലൂടെ കുതിച്ച് ആഴക്കടലിലേക്ക് കൂപ്പു കുത്തി

"നീയിപ്പോ എന്തിനെക്കുറിച്ചാണ് സ്വപ്നം കാണുന്നത്?" റാണി കൌതുകത്തോടെ മീരയോട് ചോദിച്ചു "എല്ലാം എന്നോട് പറയൂ!" മീര താൻ സ്വപനത്തിൽ ചെയ്തതും കണ്ടതുമായ എല്ലാം വിസ്തരിച്ച് പറഞ്ഞു.

കഥ കേട്ട് റാണിയുടെ മനസ്സു നിറഞ്ഞു. അവളും സ്വപ്നങ്ങളുടെ മധുരം ആസ്വദിക്കുകയായിരുന്നു.

"അടുത്ത തവണ നീ നിന്റെ സ്വപ്നയാത്രയിൽ എന്നെയും കൂടെ കൊണ്ടുപോകുമോ?" റാണി ചോദിച്ചു.

"തീർച്ചയായും!" മീര പുഞ്ചിരിച്ചു കൊണ്ട് സമ്മതം മൂളി



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

ഓട്ടത്തോടോട്ടം

ലോകത്തിനു നന്നേ ചെറുപ്പമായിരുന്നപ്പോൾ, ഒരു നായയും ഒരു പൂച്ചയും ഒരു എലിയും വലിയ സുഹൃത്തുക്കളായി ഒരുമിച്ച് ജീവിച്ചു. അവർ എല്ലാം തുല്യമായി പങ്കിട്ടു. ഒരുമിച്ചു ജോലി ചെയ്തു . ഒരുമിച്ചു കളിച്ചു അവർ പരസ്പരം ഏറെ സ്നേഹിച്ചു . അതൊരു സമാധാനം നിറഞ്ഞ ജീവിതമായിരുന്നു.

ഒരു കാര്യം മാത്രമേ അവരെ അലട്ടിയിരുന്നുള്ളൂ , അവരുടെ അയൽക്കാരുടെ ശബ്ദകോലാഹലം . മൂന്ന് സുഹൃത്തുക്കൾക്കും അത് സഹിക്കാൻ പറ്റിയിരുന്നില്ല.

ഒരു ദിവസം അയൽപ്പക്കത്തെ ബഹളം കേട്ടപ്പോൾ നായ പറഞ്ഞു, "അവർ പരസ്പരം കലഹിക്കുന്നത് കണ്ടില്ലേ ! നോക്കൂ!"




പൂച്ച ചോദിച്ചു, "എന്തുകൊണ്ടാണ് അവർക്ക് നമ്മളെപ്പോലെ സമാധാനത്തോടെ ജീവിക്കാൻ കഴിയാത്തത്?"

എലി പറഞ്ഞു, " അവരെ വിടൂ . നമ്മൾ ഒരിക്കലും കലഹിക്കില്ലെന്നും എന്നന്നേക്കും സുഹൃത്തുക്കളായിരിക്കുമെന്നും തീരുമാനിച്ചാലോ ?"

നായയ്ക്കും പൂച്ചയ്ക്കും ഈ ആശയം വളരെ ഇഷ്ടപ്പെട്ടു. അങ്ങനെ, എലി ഒരു കരാർ എഴുതിയുണ്ടാക്കി. അതിൽ എല്ലാവരും അവരവരുടെ പേരെഴുതി ഒപ്പിട്ടു. പൂച്ച കരാർ സുരക്ഷിതമായി ഉയരമുള്ള ഷെൽഫിൽ വച്ചു.

കരാർ പ്രകാരം, നായ വീടിന് പുറത്ത് ജോലി ചെയ്തു, പൂച്ചയും എലിയും വീട്ടിനകത്തും . കുറേ കാലം എല്ലാം വളരെ ഭംഗിയായി നടന്നു .

അങ്ങിനെയിരിക്കെ ഒരു രാത്രി, നായ വീടിനകത്തേക്ക് കയറി വന്ന് പരാതി പറഞ്ഞു, "ഞാൻ മാത്രം പുറത്ത് ജോലി ചെയ്യുന്നത് എന്തിനാണ്? പുറത്തെ തണുപ്പും ഈർപ്പവും എന്നെ വല്ലാതെ ദുരിതത്തിലാക്കുന്നുണ്ട്!"






നായ പൂച്ചയെ നോക്കിക്കൊണ്ട് പറഞ്ഞു : "നീയും എലിയും എപ്പോഴും നേരിയ ചൂടും നനവില്ലാത്ത അന്തരീക്ഷവും ആസ്വദിച്ചു കഴിയുന്നു . ഞാനാണെങ്കിൽ തണുപ്പും നനവും സഹിക്കുന്നു . ഇത് ന്യായമല്ല!"


"നീ ദേഷ്യപ്പെടാതെ സ്നേഹിതാ " പൂച്ച മറുപടി പറഞ്ഞു: "നമ്മൾ ഒപ്പിട്ട കരാർ നീ മറന്നോ?" നമ്മുടെ ഓരോരുത്തരുടെയും കടമ അതിൽ കൃത്യമായി എഴുതി വച്ചിട്ടുണ്ടല്ലോ. ഓർമയില്ലേ ?"

" എവിടെ ? അത് കാണിച്ചു തരൂ!" നായ പറഞ്ഞു. "എനിക്ക് അതൊന്നു കാണണം . അതെവിടെ ? കൊണ്ടുവരിക."

പൂച്ച കരാർ സൂക്ഷിച്ചു വച്ചിരുന്ന ഷെൽഫിലേക്ക് കയറി. പക്ഷേ, അയ്യോ ! കരാർ എഴുതിയ കടലാസ് മുഴുവൻ കീറിപ്പറിഞ്ഞിരുന്നു! എലി കുറേ നാളായി അത് കിടക്കയായി ഉപയോഗിച്ചിരുന്നു! പൂച്ച നോക്കുമ്പോൾ എലി കീറിപ്പറിഞ്ഞ കരാറിൽ കിടന്ന് ഉറങ്ങുകയായിരുന്നു!

പൂച്ച ഉച്ചത്തിൽ ചീറ്റി. അത് നഖങ്ങൾ കൊണ്ട് എലിയെ ആക്രമിച്ചു .





എലി ഷെൽഫിൽ നിന്ന് താഴേക്ക് ചാടി ഓടി.

"ആ എലി എവിടെ?" പൂച്ച ഉറക്കെ മുരണ്ടു . എന്നിട്ട് ദേഷ്യത്തോടെ എലിയുടെ പിന്നാലെ ഓടി.

" കരാർ എവിടെ? എവിടെ ആ കരാർ " നായ ഉച്ചത്തിൽ കുരച്ചു കൊണ്ട് പൂച്ചയോട് ചോദിച്ചു . എന്നിട്ട് അത് പൂച്ചയുടെ പിന്നാലെ ഓടി.

അന്ന് മുതൽ , നായ്ക്കൾ പൂച്ചകളെ പിന്തുടരുകയാണ് . "ആ കരാർ എവിടെ?" അവ കുരച്ചു കൊണ്ട് ചോദിച്ചു കൊണ്ടിരിക്കുന്നത് അതാണ് . ആ കരാർ ലംഘനം പൂച്ചകൾക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. അന്ന് മുതൽ അവർ കാണുന്ന ഏതൊരു എലിയുടെയും പിന്നാലെ ഓടിക്കൊണ്ടിരിക്കുകയാണ്

ഈ പിന്തുടരൽ ഇന്നും തുടരുന്നു – ഇ ത് എപ്പോഴെങ്കിലും അവസാനിക്കുമോ?

Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

കുരങ്ങന്മാരുടെ ഉപവാസം

ഒരു ശാന്തമായ പ്രഭാതം. വലിയ ആൽമരത്തിന്റെ തണലിൽ ഒരു കൂട്ടം കുരങ്ങുകൾ നിശബ്ദമായി ഇരിക്കുന്നു . വിചിത്രമായ ഒരു കാഴ്ച തന്നെ !

ആഹാ! ചുമ്മാതല്ല ! അന്ന് കുരങ്ങന്മാരുടെ ഉപവാസ ദിനമായിരുന്നു!

കുരങ്ങന്മാരുടെ നേതാവ് ഉപവാസം ആരംഭിച്ചതായി പ്രഖ്യാപിച്ചു. എന്നിട്ട് അദ്ദേഹം എല്ലാവരോടുമായി പറഞ്ഞു "എല്ലാരും കൂടി വൈകുന്നേരത്തെ ഭക്ഷണത്തിന് വേണ്ടതെല്ലാം ഒരുക്കി വച്ചോളൂ ."

അത് കേട്ട് മിടുക്കന്മാരായ കുരങ്ങുകൾ മധുരമുള്ള വാഴക്കുലകൾ പറിക്കാൻ ഓടി.




അൽപം കഴിഞ്ഞ് അവർ പറിച്ചെടുത്ത പഴക്കുലകൾ നേതാവിന്റെ മുമ്പിൽ വച്ചു.

അപ്പോൾ നേതാവിന്റെ ഭാര്യ കുരങ്ങമ്മ സംസാരിക്കാൻ എഴുന്നേറ്റു. " നമുക്ക് ഭക്ഷണം ഇപ്പോൾ തന്നെ പങ്കിട്ടാലോ?" "നോമ്പ് കഴിയുമ്പോൾ വെറുതേ സമയം കളയേണ്ടല്ലോ . വൈകുന്നേര-മാവുമ്പോൾ എല്ലാവരും വിശന്നിരിക്കുകയാവും ."

കുരങ്ങുകൾ സമ്മതിച്ചു. അവർ ഓരോരുത്തരായി സ്വന്തം വിഹിതം ശേഖരിക്കാൻ വന്നു.

"നമുക്ക് ഒരു വാഴപ്പഴം തൊലി കളഞ്ഞ് തയ്യാറാക്കി വച്ചാലോ ? എളുപ്പത്തിൽ കഴിക്കാമല്ലോ" ഒരു കുട്ടിക്കുരങ്ങൻ ചോദിച്ചു.





എന്തൊരു ഗംഭീര ആശയം! വൈകുന്നേരം ഉപവാസം അവസാനിക്കുമ്പോൾ കഴിക്കാനായി എല്ലാ കുരങ്ങന്മാരും ഓരോ വാഴപ്പഴം വീതം തൊലി കളഞ്ഞു വച്ചു

അപ്പോൾ ഒരു കുഞ്ഞിക്കുരങ്ങൻ അവന്റെ അച്ഛനോട് മന്ത്രിച്ചു, " അച്ചേ ഞാൻ ഒരു തൊലികളഞ്ഞ വാഴപ്പഴം വായിൽ വച്ചോട്ടേ ? അച്ഛൻ പറയുന്നതുവരെ ഞാൻ അതിൽ കടിക്കുകയേ ഇല്ല . ഉറപ്പ് ."

അച്ഛൻ കുരങ്ങനു കുഞ്ഞിക്കുരങ്ങന്റെ അഭിപ്രായം നല്ലപോലെ ഇഷ്ടമായി അച്ഛൻ കുരങ്ങൻ ഉറക്കെ പറഞ്ഞു : ." അല്ലാ കൂട്ടുകാരേ നമുക്ക് ഈ തൊലികളഞ്ഞ വാഴപ്പഴം വായിൽ സൂക്ഷിച്ചുകൂടെ?ഉപവാസം കഴിയുമ്പോൾ, ഒട്ടും സമയം കളയാതെ അത് എളുപ്പത്തിൽ വിഴുങ്ങാമല്ലോ !"

പെട്ടെന്ന്, എല്ലാ കുരങ്ങന്മാരും തൊലികളഞ്ഞ വാഴപ്പഴം വായിൽ വച്ചു. താമസിയാതെ അവരുടെ വാ ഇളകാൻ തുടങ്ങി. എല്ലാവരും പരസ്പരം നോക്കി.



പിന്നീട് എന്തായിരിക്കും സംഭവിച്ചത്? നിങ്ങൾക്ക് അറിയാമോ ?

ഒരു നിമിഷം കൊണ്ട് എല്ലാ ഉപവാസക്കാരും വായിൽ വച്ച വാഴപ്പഴങ്ങൾ ആർത്തിയോടെ വിഴുങ്ങാൻ തുടങ്ങി !

അങ്ങനെ കുരങ്ങന്മാരുടെ ഉപവാസം ഭംഗിയായി അവസാനിച്ചു!!

കർണാടകയിൽ നിന്നുള്ള ഒരു നാടോടിക്കഥ

P. Saraswati
V. Vijayakanthi
L. S. Saraswathi
S. Rajalakshmi

Publisher Rajalakshmi Srinivasan Memorial Foundation
Malayalam K. K. Krishnakumar
Artist Uma Krishnaswamy



നമ്മൾ ആരാണ്?

അവൾ തിന്നാനും നിൽക്കുന്നു
കുടിക്കാനും നിൽക്കുന്നു
ഉറങ്ങാനും നിൽക്കുന്നു
അവൾ ജയിക്കായ് ഓടുന്നു

അത് മരങ്ങളിൽ ചാഞ്ചാടുന്നു , കുഞ്ഞിനെയൊക്കത്തേറ്റുന്നു
നമ്മുടെ നേരെ കൊഞ്ഞനം കാട്ടി മരത്തിലൂഞ്ഞാലാടുന്നു!

അത് വെള്ളത്തിൽ ഹാപ്പി
പക്ഷേ കരയിൽ പോരാടുന്നു



അവൾ വിശ്വസ്തയാണ്
നല്ലൊരു ചങ്ങാതി
അവൾ വീട് കാക്കുന്നു
അവൾ നിങ്ങൾക്ക് എല്ലാം നൽകും

ഞാൻ വളരെ നിശബ്ദമായി നടക്കുന്നു - പക്ഷേ കള്ളനല്ല!
ഞാൻ ചാടിവീണ് പിടികൂടുന്നു - പക്ഷേ പോലീസല്ല!
ഞാൻ ഒരുപാട് ഉറങ്ങും - പക്ഷേ ഒരു കുഞ്ഞല്ല
ഞാൻ ദിവസം മുഴുവൻ വീട്ടിലിരിക്കും - പക്ഷേ വൃദ്ധയല്ല

നിലത്ത് ജാഗ്രതയോടെ നീക്കം
മുകളിൽ, സ്വതന്ത്ര സഞ്ചാരം
അവനുണ്ടൊരു നീണ്ട, പൊന്തവാൽ
അവനങ്ങനെ മരങ്ങളിലൂടെ പറന്നോട്ടെ !

അവൾ സാധനങ്ങളെയും ആളുകളെയും
കടത്തിവിടുന്നു
അനന്തമായ തിരമാലകൾക്ക് മുകളിലൂടെ
കരയിൽ നിന്ന് കരയിലേക്ക് കടക്കുന്നു
മോട്ടോറില്ല തുഴയില്ല !

നാല് കുഴകൾ ചത ചത
രണ്ട് വിശറികൾ വീശുന്നു
നീണ്ട കുഴലിനു ചാഞ്ചാട്ടം
ചെറിയ കയർ തൂങ്ങിക്കിടക്കുന്നു
സ്ഥിരവും ശാന്തവുമാണ്
അത് ഘോഷയാത്രയെ നയിക്കുന്നു

വലുതും വേഗതയേറിയതും ശക്തവുമാണ്
ശരീരം മുഴുവൻ നീണ്ട, ഇരുണ്ട മുടിയുമായി
അത് വിശാലമായ വനത്തിൽ ചുറ്റി സഞ്ചരിക്കുന്നു
ശൈത്യകാലത്ത് ഒഴികെ, അത് ഉറങ്ങുമ്പോൾ

ഞാൻ നിങ്ങൾക്കായ് അദ്ധ്വാനിക്കും
നിങ്ങൾക്കായ് ഭാരം ചുമക്കും
പക്ഷേ നിങ്ങൾ വടി എടുത്താൽ
ഓ! ഞാനൊരൊറ്റ ചവിട്ടു തരും!

എനിക്കുണ്ടേ പത്ത് കാല്
നടക്കും ഞാൻ എട്ട് കാലിൽ
വശങ്ങളിലേക്കെൻ നടത്തം
നേർ നടത്തം വശമില്ലേ !

നാലു ശക്തമായ കാലുകളും കുളമ്പുമായ്
അവൾ ചെങ്കുത്തായ മലകളും ചോല
മരങ്ങളും താണ്ടി
ഇളം പുല്ലും തളിരിലകളും തേടുന്നു

ഞാൻ പതുക്കെ സഞ്ചരിക്കും പക്ഷേ സ്ഥിരതയോടെ
എന്നെ സംരക്ഷിക്കാൻ കട്ടിയുള്ള പുറംതോട്
അപകട ഭീഷണി തോന്നിയാൽ,
ഞാൻ തല പുറംതോടിനുള്ളിലേക്ക് വലിക്കും

അവൻ ചുവരുകളിലും മേൽക്കൂരയിലും നടക്കുന്നു
ഒരൊറ്റ ചാട്ടത്തിൽ പ്രാണികളെ പിടിക്കുന്നു
സ്വയം രക്ഷക്ക് സ്വന്തം വാൽ മുറിച്ചു കളയും
അത് വേഗം വീണ്ടും വളരും

ജനിച്ചപ്പോളെനിക്കൊരു വാൽ വളർന്നു
കാലു രണ്ടും വളർന്നപ്പോൾ വാലു പൊയ്പ്പോയി
ഞാനിപ്പോൾ കരയിൽ പക്ഷേ വെള്ളമേറെ ഇഷ്ടം -
ഉഭയ ജീവിയെന്നാലും വെള്ളത്തിൽ തുടക്കം

നീളൻ കാലുകൾ നിലത്തുവച്ചുറച്ചു നിൽക്കുന്നേ
ആകാശത്തോട്ടുയർന്ന് നീളും നീണ്ട കഴുത്തുണ്ടേ
അതും നീട്ടി തളിരിലകൾ നുണഞ്ഞിടുന്നുണ്ടേ !

എല്ലാവർക്കും ഭയമാണീ
മഞ്ഞ താടിക്കാരനെ
അവനലറി വന്നണഞ്ഞാൽ
അവൾ വിറച്ചുകൊണ്ടോടും



ഇരുട്ടിൽ ഞങ്ങൾ ധൈര്യമായി പറന്നിടുന്നു !
തലകീഴായി തൂങ്ങിയാണേ ഞങ്ങൾക്കുറക്കം
കുഞ്ഞുങ്ങളെ പാലൂട്ടി വളർത്തും ഞങ്ങൾ
പഴങ്ങളാണു ഞങ്ങൾക്കേറെ ഇഷ്ടഭക്ഷണം !

സിംഹം, ആന, നായ, അണ്ണാൻ, കഴുത, കുതിര,
ആട്, കുരങ്ങ്, ജിറാഫ്, ഒട്ടകം, പൂച്ച, ഞണ്ട്,
തവള, പല്ലി, മത്സ്യം, വവ്വാലുകൾ, കരടി, ആമ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar


Artist Uma Krishnaswamy

അത്ഭുതക്കഴുത

നസ്രുദ്ദീന് ഒരു കഴുതയുണ്ടായിരുന്നു. പക്ഷേ അത് ഒരു ദുഷ്ട മൃഗമായിരുന്നു, വലിയ ദേഷ്യക്കാരൻ . ജോലി ചെയ്യാൻ ഭയങ്കര മടി . മാത്രമല്ല എപ്പോഴും വലിയ വിശപ്പായിരുന്നു അതിന് !

നസ്രുദ്ദീന് കഴുതയെ ഒട്ടും ഇഷ്ടമായിരുന്നില്ല . " ഇതിനെ വിറ്റു തുലക്കാൻ കഴിഞ്ഞാൽ എത്ര നന്നായേനെ ," അയാൾ ചിന്തിച്ചു.

ഒരു ദിവസം അയാൾ കഴുതയെ മാർക്കറ്റിലേക്ക് കൊണ്ടുപോയി. വീട്ടിൽ തിരിച്ചെത്തിയപ്പോൾ അയാൾ ഉറക്കെ ചിരിച്ചു.



"ഇന്ന് ഞാൻ എന്താണ് ചെയ്തതെന്ന് നിനക്കറിയാമോ?" അയാൾ ഭാര്യയോട് ചോദിച്ചു. "ഞാൻ നമ്മുടെ കഴുതയെ മാർക്കറ്റിലേക്ക് കൊണ്ടുപോയി, ലേലക്കാരന് വിൽക്കാൻ കൊടുത്തു."

"നമ്മുടെ മടിയനായ, ഒന്നിനും കൊള്ളാത്ത കഴുതയേയോ ?" അയാളുടെ ഭാര്യ ചോദിച്ചു.

"അതെ, അതിനെ തന്നെ !" നസ്രുദ്ദീൻ പറഞ്ഞു. "അവൻ അതിനെ നല്ല വിലയ്ക്ക് വിറ്റു! മുഴുവൻ കഥയും ഞാൻ പറയാം," എന്നിട്ട് അയാൾ കൂട്ടിച്ചേർത്തു.

"മാർക്കറ്റിൽ നല്ല തിരക്കായിരുന്നെ . വാങ്ങാൻ ധാരാളം ആളുകൾ വന്നിരുന്നു. ലേലക്കാരൻ പലതും വിളിച്ചു പറഞ്ഞ് അവരുടെ ശ്രദ്ധ ആകർഷിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു . പിന്നെ അയാളുടെ സഹായി കഴുതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു . 'സാറമ്മാരേ സാറന്മാരേ!' ഈ അത്ഭുത മൃഗത്തെ നോക്കൂ...."



"അത്ഭുത മൃഗമോ '! അതൊരു ശുണ്ഠിക്കാരനാണെന്ന് ആർക്കും പിടി കിട്ടിയില്ലേ ?" നസ്രുദ്ദീന്റെ ഭാര്യ ചോദിച്ചു.

"ഒരിക്കലും ഇല്ല! ലേലക്കാരൻ ഒരു മിടുക്കനാണ്! അവൻ അതിന് തിന്നാൻ കാരറ്റ് കൊടുത്തു. എന്നിട്ട് , അവൻ നമ്മുടെ കഴുതയെ വാനോളം പുകഴ്ത്താൻ തുടങ്ങി. 'നീളമുള്ള ചെവികളും ശക്തമായ കാലുകളും നോക്കൂ , നോക്കൂ !' അവൻ പറഞ്ഞു. 'ഈ ഉറച്ച പല്ലുകൾ നോക്കൂ!' അവൻ പറഞ്ഞു. എന്നിട്ട് അവൻ മനോഹരമായി ഇപ്രകാരം ഉപസംഹരിച്ചു 'ഈ കഴുത ചെറുപ്പമാണ് ഇവൻ ഊർജ്ജസ്വലനാ ണ്. ഇവൻ തന്റെ പുതിയ ഉടമയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യും,' അവൻ പറഞ്ഞു. ഈ ഘട്ടത്തിൽ നമ്മുടെ കഴുത കേമനാണെന്ന് എനിക്കുപോലും തോന്നി!"

"അതൊരു അത്ഭുതം തന്നെ " നസ്രുദ്ദീന്റെ ഭാര്യ പറഞ്ഞു.



"ലേല നടപടികൾ ആരംഭിച്ചപ്പോൾ/' നസ്രുദ്ദീൻ പറഞ്ഞു, "ആളുകൾ ചെറിയ തുകകൾ മാത്രമേ വാഗ്ദാനം ചെയ്തുള്ളൂ. ആദ്യ ലേലം വെറും മൂന്ന് സ്വർണ്ണ നാണയങ്ങൾക്കായിരുന്നു. എന്നാൽ ലേലക്കാരൻ കൂടുതൽ തുക ആവശ്യപ്പെട്ടു, താമസിയാതെ ഒരാൾ പത്ത് സ്വർണ്ണ നാണയങ്ങൾ വാഗ്ദാനം ചെയ്തു! പിന്നെ മറ്റൊരാൾ പതിനഞ്ച് സ്വർണ്ണ നാണയങ്ങൾ വാഗ്ദാനം ചെയ്തു. വില കൂടിക്കൊണ്ടേയിരുന്നു..."

പെട്ടെന്ന് വീട്ടിന്നു പുറത്ത് ഒരു കഴുതയുടെ കരച്ചിൽ .. നസ്രുദ്ദീന്റെ കഥ തടസ്സപ്പെട്ടു. ഹീ-ഹാവ്! ഹീ-ഹാവ്! ശബ്ദം വളരെ അടുത്തായിരുന്നു!

ഭാര്യ ഞെട്ടിപ്പോയി. "അവസാനം, എന്താണ് സംഭവിച്ചത്?" അവൾ ചോദിച്ചു. "വേഗം പറയൂ!"

അഭിമാനത്തോടെ നസ്രുദ്ദീൻ തന്റെ കഥ പറഞ്ഞു തീർത്തു: "ഞാൻ ആലോചിച്ചു ഇത്രയും നല്ല ഈ അത്ഭുത മൃഗത്തെ എന്തിന് വിൽക്കണം ?" ഒടുവിൽ മുപ്പത് സ്വർണ്ണ നാണയങ്ങൾക്ക് ഞാൻ തന്നെ അതിനെ വാങ്ങി കൊണ്ടുപോന്നു !"



© Katha Jharna 2008

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Publisher Rajalakshmi Srinivasan Memorial Foundation

Malayalam K. K. Krishnakumar

Artist Uma Krishnaswamy


അക്കേഷ്യ മരത്തിന്റെ മൂന്ന് ആഗ്രഹങ്ങൾ

നല്ല ചൂടുള്ള ആ വരണ്ട സമതലത്തിൽ നീണ്ടു കിടക്കുന്ന ഒരു പാത ഉണ്ടായിരുന്നു. അതിനടുത്തായി കുറച്ച് മരങ്ങൾ വളർന്നു നിന്നിരുന്നു . അക്കൂട്ടത്തിൽ മുള്ളുള്ള ഒരു അക്കേഷ്യ മരം ഉണ്ടായിരുന്നു .

"ആരും എന്നെ സ്നേഹിക്കുന്നില്ല," അക്കേഷ്യ മരം എപ്പോഴും പിറുപിറുത്തു കൊണ്ടിരിക്കും . " മുള്ളില്ലാത്ത മരങ്ങളെ എല്ലാവരും സ്നേഹിക്കുന്നു! അവ എത്ര മനോഹരമാണ്!"

അക്കേഷ്യ മരം മുള്ളുകളില്ലാതെ ജീവിക്കാൻ കഠിനമായി ആഗ്രഹിച്ചു: "എന്റെ മുള്ളുകൾ മാറ്റേണമേ!" അത് പ്രാർഥിച്ചു . പെട്ടെന്ന് അതിന്റെ മുള്ളുകൾ അപ്രത്യക്ഷമായി. മൃദുവായ പച്ചിലകൾ അതിന്റെ ശാഖകളിൽ നിറഞ്ഞു . എന്തൊരു സന്തോഷം!







അന്നേരം ഒരു ആട് അതിലേ നടന്നു വന്നു. അക്ഷേഷ്യ മരത്തിൽ മൃദുവായ തളിരിലകൾ ചാഞ്ചാടുന്നത് ആട് കണ്ടു . ആട് ഇലകൾ കടിച്ചെടുത്ത് ആസ്വാദിച്ചു തിന്നു തുടങ്ങി. "അയ്യയ്യോ !" മരം നെടുവീർപ്പിട്ടു. "ഈ ആട് എന്റെ മനോഹരമായ തളിരിലകൾ മുഴുവൻ തിന്നുതീർക്കും! എന്റെ ഇലകൾ എല്ലാം സ്വർണ്ണമായി മാറിയെങ്കിൽ !"

അത്ഭുതം! അടുത്ത നിമിഷം നോക്കുമ്പോൾ അക്ഷേഷ്യാ മരത്തിന്റെ ഇലകൾ എല്ലാം സ്വർണമായി .

ആ സമയത്ത് ഒരു മനുഷ്യൻ അതു വഴി വന്നു. അവൻ ആശ്ചര്യത്തോടെ തിളങ്ങുന്ന , സ്വർണ്ണ ഇലകളിലേക്ക് നോക്കി അന്തം വിട്ടു നിന്നു





"എന്തൊരു അത്ഭുതം!" അവൻ പറഞ്ഞു. "ഞാനൊരു ഭാഗ്യവാൻ തന്നെ !" എന്നു പറഞ്ഞു കൊണ്ട് ആ മനുഷ്യൻ സ്വർണ്ണ ഇലകൾ പറിക്കാൻ തുടങ്ങി. പാവം മരം പൂർണ്ണമായും കാലിയാകും വരെ അയാൾ ഇലകൾ പറിച്ചെടുത്തുകൊണ്ടിരുന്നു!

" സ്വർണ്ണം കണ്ടാൽ മനുഷ്യർ വെറുതേ ഇരിക്കുമോ , അവരത് കൈവശപ്പെടുത്തുക തന്നെ ചെയ്യും ?" മരം നെടുവീർപ്പിട്ടു. " എനിക്ക് ഗ്ലാസ് കൊണ്ടുള്ള ഇലകൾ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ !" മരം പ്രാർഥിച്ചു . ഒരു നിമിഷം കൊണ്ട്, അതിന്റെ ശാഖകളിലെ സ്വർണ ഇലകൾ അപ്രത്യക്ഷമായി പകരം അവിടെ തിളക്കമുള്ള ഗ്ലാസ്സ് ഇലകൾ നിറഞ്ഞു .

ഒടുവിൽ താൻ സുരക്ഷിതയായി എന്നു മരത്തിന് തോന്നി. പക്ഷേ പെട്ടെന്ന് ശക്തമായ ഒരു കാറ്റ് ആഞ്ഞു വീശി . അയ്യോ ! കാറ്റത്ത് ഗ്ലാസ് ഇലകൾ പരസ്പരം കൂടിയിടിച്ചു അവയെല്ലാം പൊട്ടിത്തകർന്നു ചുറ്റും ചിതറി !




"ഞാൻ ഒരിക്കലും സമാധാനത്തോടെ ജീവിക്കില്ലേ?"
അക്കേഷ്യ മരം വേദനയോടെ ആലോചിച്ചു

"എനിക്ക് ഒരു മരമാകണം ...... ആടുകൾ കടിക്കാത്ത ഇലകളുള്ള ... മനുഷ്യർ പറിക്കാത്ത ഇലകളുള്ള ... കാറ്റടിക്കുമ്പോൾ പൊട്ടിത്തകരാത്ത ഇലകളുള്ള ഒരു മരം.!"

അപ്പോൾ വീണ്ടും മരത്തിൽ മുള്ളുകൾ മുളച്ചു. അത് ഒരിക്കൽ കൂടി മുള്ളുള്ള അക്കേഷ്യ മരമായി!

ഇപ്പോൾ അതിനു ഏറെ സന്തോഷമാണ് . പിന്നീട് ഒരിക്കലും അത് തന്റെ മുള്ളുകളെക്കുറിച്ച് വേദിച്ചില്ല.

ഒരു ഇന്ത്യൻ നാടോടിക്കഥ



© Katha Jharna 2008

Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy


സിംഹരാജാവും മുയലും

നല്ല തെളിച്ചവും തണുപ്പുള്ള ഒരു ശൈത്യകാല പ്രഭാതം . സിംഹരാജാവ് പതുക്കെ ഉറക്കം വിട്ട് ഉണർന്നു . "എനിക്ക് വേട്ടയാടാൻ വയ്യാതായി .. പ്രായമായി വരുന്നു/" സിംഹം സങ്കടത്തോടെ ചിന്തിച്ചു

എന്നാൽ താമസിയാതെ സിംഹ രാജാവ് ഉഷാറായി . എന്തൊക്കെ ആയാലും താൻ കാട്ടിലെ രാജാവല്ലേ ? രാജാവ് ഒരു പുതിയ പദ്ധതി തയ്യാറാക്കി തന്റെ ഗുഹയ്ക്ക് പുറത്ത് കാത്തിരുന്നു .

അന്ന്, തന്റെ പ്രജകളായ കാട്ടുമൃഗങ്ങളെ എല്ലാവരെയും സിംഹ രാജാവ് ഒരു കൂടിക്കാഴ്ചയ്ക്ക് വിളിച്ചു. വിറച്ചു വിറച്ച് കൊണ്ട് പ്രജകൾ എല്ലാവരും ഗുഹാ മുഖത്ത് എത്തിച്ചേർന്നു .

സിംഹം അവരോട് പറഞ്ഞു :
"എന്റെ പ്രിയപ്പെട്ട പ്രജകളേ! നിങ്ങൾ എല്ലാവരും എന്നെ കാണുമ്പോൾ പേടിച്ച് ഓടിപ്പോകുന്നു. ഞാൻ ദിവസവും ഒരൊറ്റ മൃഗത്തെ മാത്രമേ വേട്ടയാടി പിടിക്കുന്നുള്ളൂ. പക്ഷേ നിങ്ങൾ എല്ലാവരും എന്നെ പേടിച്ചു പോകുന്നു . എന്റെ വേട്ടയാടൽ നിങ്ങളുടെ തിരക്കേറിയ ജീവിതത്തെ വല്ലാതെ തടസ്സപ്പെടുത്തുന്നതായി നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു ? ആകയാൽ ഞാൻ ഒരു പുതിയ പദ്ധതി തയ്യാറാക്കിയിരിക്കയാണ് "



"എന്റെ പദ്ധതി കേട്ടു കൊൾക . ഇന്ന് മുതൽ, പുറത്തിറങ്ങി വേട്ടയാടുന്നതിനു പകരം, ഇവിടെ എന്റെ ഗുഹയിൽ കാത്തിരിക്കും. നിങ്ങളിൽ ഒരാൾ മാത്രം എന്റെ അടുത്തേക്ക് വരണം . അത് എന്റെ ഭക്ഷണമാവും . ഒരോ ദിവസവും എന്റെ ഇര ആരായിരിക്കണമെന്ന് നിങ്ങൾക്കെല്ലാവർക്കും ഒരുമിച്ച് തീരുമാനിക്കാം.

"നിങ്ങളുടെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിലൂടെ, മുഴുവൻ കാടിലും സമാധാനം കൊണ്ടുവരാൻ നിങ്ങൾക്ക് കഴിയും."

ശരി! എന്തൊരു അത്ഭുതകരമായ ആശയം! മൃഗങ്ങൾ അത്ഭുതപ്പെടുകയും സന്തോഷിക്കുകയും ചെയ്തു. എന്നാൽ കൂട്ടത്തിലുള്ള ഒരു ചെറിയ മുയലിന് സംശയം തോന്നി . അത് പറഞ്ഞു "പണ്ടൊക്കെ രാജാവ് വേട്ടയാടാൻ പോകുമ്പോൾ, നമുക്കെല്ലാവർക്കും ഓടി രക്ഷപ്പെടാൻ അവസരമുണ്ടായിരുന്നു . എന്നാൽ ഈ പുതിയ പദ്ധതി അനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ടയാൾക്ക് രക്ഷപ്പെടാൻ ഒരു അവസരവും കിട്ടില്ല ! , പാവം ജീവി!"

ഏതായാലും സിംഹത്തിന്റെ പുതിയ പദ്ധതി കൃത്യമായി പ്രവർത്തിച്ചു. എല്ലാ ദിവസവും ഒരു മൃഗത്തെ എല്ലാവരും കൂടി തിരഞ്ഞെടുത്ത് ദിവസവും രാജാവിന്റെ അടുത്തേക്ക് അയച്ചു, ബാക്കിയുള്ളവ ഭയമില്ലാതെ അവരുടെ ജീവിതം നയിച്ചു.

കുറച്ച് സമയത്തിന് ശേഷം നമ്മുടെ കുഞ്ഞു മുയലിന്റെ ഊഴം വന്നു.



"ഞാനും രാജാവിന്റെ തീറ്റയായി മാറണോ ?" കുഞ്ഞു മുയൽ ചിന്തിച്ചു. " ഒരിക്കലുമില്ല ! മാത്രമല്ല , ഈ മുഴുവൻ പരിപാടിയും ഞാൻ നിർത്തലാക്കുക തന്നെ ചെയ്യും!" അവൻ സ്വയം പറഞ്ഞു.

മുയൽ പതുക്കെ രാജാവിന്റെ ഗുഹയിലേക്ക് പോയി. എന്നിട്ട് ഗുഹാ മുഖത്ത് കാത്തിരുന്നു. താമസിയാതെ സിംഹം പുറത്തുവന്നു. മുയലിനെ കണ്ടപ്പോൾ സിംഹം അലറി, "എന്താണ് ഇത്ര വൈകിയത്?"

"അല്ലയോ രാജാവേ!" കുഞ്ഞു മുയൽ വിനയപൂർവ്വം മറുപടി പറഞ്ഞു. "ദയവായി എന്നോട് ക്ഷമിക്കൂ. അങ്ങയുടെ ഭക്ഷണത്തിന് കൃത്യസമയത്ത് തന്നെ എത്താൻ ഞാൻ ശ്രമിച്ചതാ . പക്ഷേ എന്റെ ഇഷ്ടത്തിന് എതിരായി ചിലത് സംഭവിച്ചു അതാണ് വൈകിയത് . അങ്ങു പൊറുക്കണം "



"എന്താണ് സംഭവിച്ചതെന്ന് തെളിച്ചു പറയൂ!" സിംഹം പറഞ്ഞു.

"ഞാൻ ഇങ്ങോട്ട് നടന്നു വരുമ്പോൾ ," മുയൽ പറഞ്ഞു, "ഒരു വിചിത്ര സിംഹം എന്നെ തടഞ്ഞു. എന്നിട്ട് പറഞ്ഞു : 'ഞാൻ നിന്നെ കൊന്നു തിന്നാൻ പോകുന്നു!' അപ്പോൾ ഞാൻ ഉറപ്പിച്ചു പറഞ്ഞു : 'നിനക്ക് എന്നെ തിന്നാൻ കഴിയില്ല! ഞാൻ ഈ കാട്ടിലെ രാജാവിനെ കാണാൻ പോകുകയാണ്.'

"'കാട്ടിലെ രാജാവോ ?' വിചിത്ര സിംഹം ഗർജ്ജിച്ചു: 'ആരാണ് അത്? ഞാൻ അവനെ കടിച്ചു കഷണങ്ങളാക്കും! ഈ 'രാജാവിനെ' എനിക്ക് കാണിച്ചു താ !' പക്ഷേ എങ്ങനെയോ ഞാൻ ഓടി രക്ഷപ്പെട്ടു, നേരെ അങ്ങയുടെ അടുത്തേക്ക് വന്നു!"

സിംഹ രാജാവ് കോപത്താൽ ജ്വലിച്ചു. "എവിടെ, ആ ദുഷ്ട സിംഹം എവിടെ? ഇപ്പോൾ തന്നെ എന്നെ അവന്റെ അടുത്തേക്ക് കൊണ്ടുപോകൂ!" രാജാവ് ഉച്ചത്തിൽ അലറി. മുയൽ രാജാവിനെ കാടിന്റെ ഉള്ളിലേക്ക് നയിച്ചു.

പെട്ടെന്ന് അവരുടെ മുന്നിൽ ഒരു തുറസ്സായ സ്ഥലം കാണാറായി . അതിന്റെ നടുവിലായി ഒരു വലിയ കിണർ ഉണ്ടായിരുന്നു . " അങ്ങ് ദയവായി ഇവിടെ കാത്തിരിക്കൂ, പ്രഭോ !" മുയൽ പറഞ്ഞു. "ഞാൻ ആ വിചിത്ര സിംഹത്തെ ഉടൻ കണ്ടെത്തും."

മുയൽ കിണറ്റിനരികിലേക്ക് പോയി. എന്നിട്ട് അൽപ്പം ചാഞ്ഞു നിന്ന് കിണറ്റിലെ വെള്ളത്തിലേക്ക് നോക്കി . ആഹാ! നീലാകാശത്താൽ ഫ്രെയിം ചെയ്യപ്പെട്ട സ്വന്തം മുഖം കുഞ്ഞൻ മുയലിനെ തിരിഞ്ഞു നോക്കി .


"ഇതാ, വിചിത്ര സിംഹം ഇതാ!" മുയൽ ഉറക്കെ വിളിച്ചു. എന്നിട്ട് അത് ചാടി ഒരു മരത്തിന്റെ പിന്നിൽ ഒളിച്ചു.

രാജാവ് ഗർജ്ജിച്ചു കൊണ്ട് കിണറ്റിനരികിലേക്ക് ഓടി അകത്തേക്ക് നോക്കി. അതാ വിചിത്ര സിംഹം, കിണറ്റിനകത്ത് നിന്ന് രാജാവിനെ നോക്കി, മുരളുന്നു! രാജാവ് ശത്രുവിനെ ആക്രമിക്കാനായി ആഴമുള്ള കിണറ്റിലേക്ക് എടുത്തു ചാടി.

അതോടെ സിംഹ രാജാവിന്റെ സമർത്ഥമായ പുത്തൻ പദ്ധതിയുടെ അവസാനമായി !



ഒരു പഞ്ചതന്ത്ര കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

Malayalam K. K. Krishnakumar

L. S. Saraswathi S. Rajalakshmi

Artist Uma Krishnaswamy


നീളനോ കുറിയോനോ ?


ഒട്ടകവും പന്നിയും നല്ല സുഹൃത്തുക്കളായിരുന്നു. പക്ഷേ അവർ പരസ്പരം ഒരു മയവുമില്ലാതെ പരസ്പരം കളിയാക്കുമായിരുന്നു! ഒരു ദിവസം അവർ പരസ്പരം വർത്താനം പറയുന്നത് കേൾക്കു !

ഒട്ടകം: ഡാ കുറിയോനെ ! ഇങ്ങോട്ടൊന്നു നോക്കിക്കേ ! ഇത്രയും ഉയരം ഉണ്ടായിരുന്നെങ്കിൽ എന്ന് നിനക്ക് മോഹം തോന്നാറില്ലേ ?

പന്നി: ഓ ഒന്നു പോ കൊറ്റിക്കാലാ ! ഞാൻ എന്തിനാണ് ഉയരമുള്ളവനാകാൻ ആഗ്രഹിക്കുന്നത്? ഉയരം കുറഞ്ഞിരിക്കുന്നതാ കൂടുതൽ നല്ലത്.

ഒട്ടകം: ഓ പിന്നേ ! ഇങ്ങോട്ട് നോക്കിക്കേ ! എനിക്ക് ഈ മതിലിന്റെ അപ്പുറം വരെ കാണാൻ കഴിയും. അവിടെ കഴിക്കാൻ പറ്റിയ പലതുമുണ്ട് - കുറ്റിച്ചെടികളും ഇളം തളിരിലകളുള്ള മരങ്ങളും പൂച്ചെടികളും മറ്റും മറ്റും. ഞാൻ നിൽക്കുന്നിടത്ത് നിന്ന് എനിക്ക് നല്ല സ്വാദുള്ള പച്ചത്തണ്ടുകളും തളിരിലകളും എളുപ്പത്തിൽ കടിച്ചെടുക്കാൻ കഴിയും. നിനക്ക് അവ കാണാൻ പോലും കഴിയില്ലല്ലോ ! നിനക്ക് മനസ്സിലായോ?





പന്നി: അടങ്ങൂ , സഹോദരാ അടങ്ങൂ ! ഒന്നു ക്ഷമിക്ക് . ദാ ഇങ്ങോട്ട് നോക്കിക്കേ . മതിലിന്റെ അടിഭാഗത്തുള്ള ആ ദ്വാരം നീ കാണുന്നുണ്ടോ? എനിക്ക് ആ ദ്വാരം വഴി സുഖമായി അപ്പുറത്തേക്ക് കടക്കാൻ കഴിയും! അവിടെയുള്ള എല്ലാ നല്ല സാധനങ്ങളും തിന്നാനും കഴിയും. പക്ഷേ നിനക്കോ ! നിന്റെ ശരീരത്തിന്റെ ഏതെങ്കിലും ഭാഗം ആ ദ്വാരത്തിലൂടെ കയറുമോ? ഇല്ല! നിന്റെ തല പോലും അതിലേ കയറില്ല ! (ചിരിക്കുന്നു) അപ്പോ ശരി . ബൈ, ബൈ! നീ ഇവിടെ നിന്ന് ഞാൻ മതിലിന് അപ്പുറം കടന്ന് ഭക്ഷണം കഴിക്കുന്നത് ചുമ്മാ കണ്ടോണ്ട് നിന്നോ ! ആസ്വദിച്ചോ !

ഇത്രയും പറഞ്ഞ ശേഷം പന്നി ദ്വാരത്തിലൂടെ ഞെരുങ്ങി മറുവശത്തേക്ക് പോയി.

ഒട്ടകം കുറേ നേരം ഒന്നും മിണ്ടാതെ നിന്നു. പിന്നെ.. അത് പതുക്കെ പറഞ്ഞു


ഒട്ടകം: പന്നി പറഞ്ഞത് ശരിയാണ്: ചിലർക്ക് ഉയരം കുറവായിരിക്കും ചിലർക്ക് കൂടുതലും എന്റെ വലുപ്പമാണ് എല്ലാവര്ക്കും നല്ലത് എന്നു കരുതേണ്ട ആവശ്യമെന്താണ് !

പൊട്ടിയ കലം

ഗോപാൽ കഠിനാധ്വാനിയായിരുന്നു, അയാളുടെ പ്രധാന ജോലി നദിയിൽ നിന്ന് വെള്ളം കൊരി വീട്ടിൽ എത്തിക്കുക എന്നതായിരുന്നു. അതിനു വേണ്ടി അയാൾ എല്ലാ ദിവസവും, അങ്ങോട്ടും ഇങ്ങോട്ടും, അങ്ങോട്ടും ഇങ്ങോട്ടും ഒരു പാട് തവണ നടക്കും . അയാളുടെ കാൽപ്പാടുകൾ പതിഞ്ഞു പതിഞ്ഞ് ഒരു നടപ്പാത തന്നെ തെളിഞ്ഞു വന്നിരുന്നു .

ഗോപാൽ രണ്ട് കലങ്ങളിലായി നദിയിലെ വെള്ളം നിറക്കും . എന്നിട്ട് കലങ്ങൾ കയറു കൊണ്ടുള്ള ഉറിയിൽ കെട്ടി ഒരു നീണ്ട തണ്ടിൽ തൂക്കിയിടും. പിന്നെ അത് തോളിൽ തൂക്കി വീട്ടിലേക്ക് കൊണ്ടുപോകും . അതായിരുന്നു പതിവ് . ഇടയ്ക്ക് ഒരു കലം ചെറുതായി പൊട്ടി. പൊട്ടിയ കലത്തിലെ വിള്ളലിലൂടെ "ടിക് , ടിക് , ടിക്ക് " ശബ്ദത്തോടെ വെള്ളം ചോർന്നു വീണു കൊണ്ടിരുന്നു . നദിക്കും വീടിനും ഇടയ്ക്കുള്ള വഴിയിൽ , ആ കലത്തിലെ പകുതി വെള്ളം ചോർന്നു പോകും .

ഇത് കണ്ടപ്പോൾ, പൊട്ടാത്ത കലം അഭിമാനിച്ചു. "എന്നെ നോക്കൂ!" അത് പറഞ്ഞു. "ഞാൻ ഒരു തുള്ളി വെള്ളം പോലും പാഴാക്കാതെ വീട്ടിലെത്തിക്കുന്നു. കണ്ടോ !"



ഇത് കേൾക്കുമ്പോൾ പൊട്ടിയ കലത്തിന് വലിയ വിഷമം തോന്നും . "ക്ഷമിക്കണം!" ഒരു ദിവസം പൊട്ടിയ കലം ഗോപാലിനോട് പറഞ്ഞു . "വീട്ടിലേക്ക് ആവശ്യത്തിന് വെള്ളം കൊണ്ടുവരാൻ നീ എത്രയാണ് കഷ്ടപ്പെടുന്നത് ! ഞാനാണെങ്കിൽ അതിൽ പകുതിയും പാഴാക്കുന്നു."

ഈ വിലാപം കേട്ടപ്പോൾ ഗോപാൽ പുഞ്ചിരിച്ചു . എന്നിട്ട് പൊട്ടിയ കലത്തെ നോക്കി സ്നേഹത്തോടെ പറഞ്ഞു, "നമ്മുടെ വഴിയിൽ ഉടനീളം മനോഹരമായി വിടർന്നു നിൽക്കുന്ന അനേകം പൂക്കളുണ്ട്.

നമ്മൾ അതിലേ കടന്നുപോകുമ്പോൾ നീ അവയെ ശ്രദ്ധാപൂർവ്വം നോക്കൂ."

അത് സത്യമായിരുന്നു! വഴിയിൽ ധാരാളം പൂക്കുന്ന ചെടികൾ ഉണ്ടായിരുന്നു. മനോഹരമായ ആ പൂക്കൾ കണ്ടപ്പോൾ പൊട്ടിയ കലം അതിന്റെ വിഷമങ്ങൾ മറന്നു. പൂക്കളുടെ സൗന്ദര്യം അതിന്റെ സങ്കടം ശമിപ്പിച്ചു. പക്ഷേ വീട്ടിൽ എത്തിയപ്പോൾ അത് വീണ്ടും സങ്കടപ്പെട്ടു.

ഗോപാലിനോട് അത് പറഞ്ഞു, "ആ മനോഹരമായ പൂക്കൾ കണ്ടപ്പോൾ കുറച്ചു നേരത്തേക്ക് ഞാൻ എന്റെ സങ്കടം മറന്നു പോയി . പക്ഷേ ഞാൻ കാരണം നിന്റെ കഷ്ടപ്പാടുകൾ കൂടുകയാണ് . എനിക്ക് അത് എങ്ങനെ മറക്കാൻ കഴിയും?"

"ഓ അത് വിട്ടു കളയൂ ! ഏറ്റവും പ്രധാനപ്പെട്ട കാര്യം നീ ശ്രദ്ധിച്ചില്ല അല്ലേ !" ഗോപാൽ പറഞ്ഞു. "പൂക്കൾ പാതയുടെ ഒരു വശത്ത് മാത്രമേ വിരിയുന്നുള്ളൂ അത് നീ കണ്ടോ ! "നിന്റെ വിള്ളലിൽ നിന്ന് ഒഴുകുന്ന വെള്ളത്താലാണ് അവ പൂക്കുന്നത്."

ഗോപാൽ തുടർന്നു, "ഒരിടക്ക് ഞാൻ നിന്നെ മാറ്റി മറ്റൊരു കലം വാങ്ങുന്ന കാര്യം പരിഗണിച്ചിരുന്നു, വിള്ളലുകളില്ലാത്ത ഒരു പുതിയ കലം. പക്ഷേ പിന്നീട് ഞാൻ ചിന്തിച്ചു, 'പൂച്ചെടികൾ തഴച്ചുവളരണം. വഴി നിറയെ പൂക്കൾ വിടരണം ..എല്ലാവർക്കും അവ കണ്ട് ആസ്വദിക്കാൻ കഴിയണം.'

"ഇത് സാധ്യമാക്കുന്നത് നീയാണ് സന്തോഷിക്കൂ !" ഗോപാൽ പറഞ്ഞു.

ഒരു ഇന്ത്യൻ നാടോടിക്കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

ഉറുമ്പു നിർമ്മിച്ച ചെരിപ്പുകൾ



ഒരിക്കൽ ഒരു വലിയ കാട്ടിൽ ഒരു കുഞ്ഞുറുമ്പുണ്ടായിരുന്നു . ഈ ഉറുമ്പ് സാധാരണ ഉറുമ്പുകളെപ്പോലെയായിരുന്നില്ല. അവൾക്ക് എപ്പോഴും പുതിയ പുതിയ കാര്യങ്ങൾ പഠിക്കാനും ചെയ്യാനും വലിയ ഉൽസാഹമായിരുന്നു.

ഒരു ദിവസം അവൾ കുറച്ച് ചെരിപ്പുകൾ തുന്നിയുണ്ടാക്കാൻ തീരുമാനിച്ചു. അതിനായി അവൾ ഇലകളും ചില്ലകളും ശേഖരിച്ചു, രാത്രി മുഴുവൻ ജോലി ചെയ്തു. നേരം പുലർന്നപ്പോഴേക്കും അവൾ ഒരു ജോഡി ചെരിപ്പുകൾ പൂർത്തിയാക്കി. അവൾ അവ വിൽക്കാൻ വേണ്ടി പുറത്തേക്കിറങ്ങി .

വഴിയിൽ വച്ച് ഉറുമ്പ് ഒരു കുരങ്ങിനെ കണ്ടുമുട്ടി. അവൾ പറഞ്ഞു, "അമ്മാവാ, ദയവായി ഈ ചെരിപ്പുകൾ വാങ്ങൂ." കുരങ്ങൻ മറുപടി പറഞ്ഞു, "അയ്യോ ചങ്ങാതീ , നാല് കാലിൽ നടക്കുന്ന ഞാൻ നീ കൊണ്ട് വന്ന ഈ ഒരു ജോഡി ചെരിപ്പുകൾ കൊണ്ട് എന്തുചെയ്യും?"

അന്ന് ഉറുമ്പ് കണ്ടുമുട്ടിയ എല്ലാ മൃഗങ്ങളും ഇതേ ഉത്തരം തന്നെ ആവർത്തിച്ചു കൊണ്ടിരുന്നു !

ഒടുവിൽ എന്തുചെയ്യണമെന്ന് അറിയാതെ അവൾ വീട്ടിലേക്ക് മടങ്ങി. പക്ഷേ അവൾ ഒട്ടും നിരാശയാവാതെ കൂടുതൽ ഇലകളും ചില്ലകളും ശേഖരിച്ചു, എന്നിട്ട് വീണ്ടും രാത്രി മുഴുവൻ ജോലി ചെയ്തു. നേരം പുലർന്നപ്പോഴേക്ക് രണ്ട് ജോഡി ചെരിപ്പുകൾ തയ്യാറായി. .








ഉറുമ്പ് നേരെ കുരങ്ങന്റെ അടുത്തേക്ക് പോയി. കുരങ്ങൻ നാല് ചെരിപ്പുകളും കൈയിൽ എടുത്തു. അവ ശ്രദ്ധാപൂർവ്വം പരിശോധിച്ച ശേഷം പറഞ്ഞു, "ഈ ചെരിപ്പുകൾ അൽപ്പം ചെറുതാണ്. എനിക്ക് പാകമാവില്ല . പക്ഷേ അവ നിന്നെപ്പോലുള്ള ഏതെങ്കിലും ഉറുമ്പിനു ചേരും. നിന്റെ കൂട്ടുകാരോട് ആരോടെങ്കിലും ചോദിച്ചാലോ?" കുരങ്ങൻ ചെരിപ്പുകൾ തിരികെ ഏൽപ്പിച്ച് നടന്നു പോയി.

ഉറുമ്പ് അവളുടെ സുഹൃത്തിന്റെ വീട്ടിലേക്ക് പോയി. അവളുടെ സുഹൃത്തിന് ചെരിപ്പുകൾ കാണിച്ചു. പക്ഷേ അവളുടെ സുഹൃത്ത് പറഞ്ഞു, "നാല് ചെരിപ്പുകൾ കൊണ്ട് ഞാൻ എന്തുചെയ്യും? നമുക്ക് ആറ് കാലുകളുണ്ട് എന്ന കാര്യം നീ മറന്നോ?"

ഉറുമ്പ് ആകെ നാണിച്ചു പോയി ! " അയ്യോ നീ പറഞ്ഞത് ശരിയാണ്," അവൾ പറഞ്ഞു. എന്നിട്ട് തിടുക്കത്തിൽ വീട്ടിലേക്ക് മടങ്ങി . അന്നു രാത്രി അവൾ മറ്റൊരു ജോഡി ചെരിപ്പു കൂടി തുന്നിയുണ്ടാക്കി . അതിരാവിലെ തന്നെ അവൾ ആറ് ചെരിപ്പുകളും പൊതിഞ്ഞെടുത്ത് സുഹൃത്തിനെ കാണാൻ പോയി.





അവളുടെ സുഹൃത്ത് ചെരിപ്പുകൾ ധരിക്കാൻ ശ്രമിക്കുമ്പോൾ, ഉറുമ്പ് ശ്വാസം അടക്കിപ്പിടിച്ചു. "അവൾക്ക് അവ ഇഷ്ടപ്പെടണേ ! ഇഷ്ടപ്പെടണേ !" അവൾ പ്രാർത്ഥിച്ചു.

പക്ഷേ അവളുടെ സുഹൃത്ത് പറഞ്ഞു, "ഈ ചെരിപ്പുകൾ നല്ലതാണ്. പക്ഷേ ഇവക്ക് വളരെ ഭാരം കുറവാണ്. വളരെ വേഗം കീറിപ്പോകും. അതിനാൽ എനിക്ക് അവ വേണ്ട. നീ ക്ഷമിക്കണേ ! നീ ഒരു കാര്യം ചെയ്യ് , ആ ചിലന്തിയോട് ചോദിക്കൂ. അവൾ തീർച്ചയായും വാങ്ങും."




ഉറുമ്പിന് നിരാശ തോന്നി ! പക്ഷേ പെട്ടെന്ന് തന്നെ അവൾ ധൈര്യം വീണ്ടെടുത്തു . ഞാൻ നന്നായി തുന്നിയെടുത്ത ചെരുപ്പുകളല്ലേ ? അവ കാണാനും നല്ല ഭംഗിയുണ്ട് ? ഇന്ന് എന്തായാലും ആറ് ചെരിപ്പുകളും വിൽക്കും! അവൾ ചെരുപ്പുകളുമായി ചിലന്തിയെ കാണാൻ പോയി.

ചിലന്തിയുടെ വീട്ടു വാതിൽക്കൽ , ഉറുമ്പ് ഒതുങ്ങി നിന്നു . അകത്ത് കയറിയാൽ വലയിൽ കുടുങ്ങിയാലോ ! "ചിലന്ത്യമ്മായി!" അവൾ വിളിച്ചു പറഞ്ഞു. "ഞാൻ അമ്മായിയെ കാണാൻ വന്നതാണ്!" ചിലന്തി വാതിൽപ്പടിയിൽ വന്നു നിന്ന് അവളെ സൂക്ഷ്മമായി നോക്കി. എന്നിട്ട് സ്നേഹപൂർവം പറഞ്ഞു "അയ്യോ എന്തു പറ്റി മോളേ ? എന്തിനാണ് നീ ഇത്ര സങ്കടപ്പെടുന്നത്?" ഉറുമ്പ് ആദ്യത്തെ ചെരിപ്പുകൾ ഉണ്ടാക്കിയത് മുതൽ സംഭവിച്ചതെല്ലാം വിശദമായി ചിലന്തിയോട് പറഞ്ഞു.








പെട്ടെന്നാണ് ഉറുമ്പ് ഒരു കാര്യം ശ്രദ്ധിച്ചത് , "ഓ! ചിലന്തിക്ക് എട്ട് കാലുകളുണ്ട്! ഇനി ഒരു ജോഡി ചെരുപ്പ് കൂടി തുന്നാൻ അവർ എന്നെ വീട്ടിലേക്ക് അയയ്ക്കുമോ !"

പക്ഷേ ചിലന്തിയുടെ മനസ്സിൽ മറ്റൊരു നല്ല ആശയം ഉണ്ടായിരുന്നു.

"നിന്റെ ചെരിപ്പുകൾ വിൽക്കാനുള്ള ഒന്നാന്തരമൊരു പരിപാടി ഞാൻ പറയട്ടെ " ചിലന്തി സ്നേഹപൂർവം പറഞ്ഞു. " നീ പോയി ചേരട്ടയെ കാണണം . അതിന് ധാരാളം കാലുകളുണ്ട്. നിനക്ക് ഉണ്ടാക്കാൻ കഴിയുന്നത്ര ജോഡി ചെരിപ്പുകൾ അതിന് ആവശ്യമായി വരും."

"നന്ദി, അമ്മായി!" ഉറുമ്പ് പറഞ്ഞു, ഏറെ സന്തോഷത്തോടെ ഉറുമ്പ് വീട്ടിലേക്ക് മടങ്ങി

ഒരു ഇന്ത്യൻ കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy

ചിത്രകാരൻ യാങ്

ഒരിടത്ത് യാങ് എന്ന് പേരുള്ള ഒരു ആൺകുട്ടി ഉണ്ടായിരുന്നു . പ്രശസ്ത കലാകാരനായ സ്വന്തം അമ്മാവനോടൊപ്പമാണ് യാങ് താമസിച്ചിരുന്നത് . എല്ലാ ദിവസവും അവൻ അമ്മാവന്റെ അരികിലിരുന്ന് അദ്ദേഹം ചിത്രം വരയ്ക്കുന്നത് കാണുമായിരുന്നു. എല്ലാ വിശദാംശങ്ങളിലും അവൻ ശ്രദ്ധ ചെലുത്തി. അങ്ങനെ ഇരിക്കുമ്പോൾ സമയം കടന്നുപോകുന്നത് അവൻ അറിഞ്ഞതേയില്ല .

ദിവസങ്ങൾ കഴിയുന്തോറും ചിത്രം വരയിൽ ഉള്ള യാങ്ങിന്റെ താൽപ്പര്യം കൂടിക്കൂടി വരുന്നത് അമ്മാവൻ ശ്രദ്ധിച്ചു . അമ്മാവൻ അവന് പെയ്ന്റിങ്ങിനുള്ള സാധനങ്ങൾ   സാധനങ്ങൾ വാങ്ങിക്കൊടുത്തു . എന്നിട്ട് പറഞ്ഞു " നീ പോയി സ്വന്തമായി പെയിന്റ് ചെയ്യൂ" . യാങ് അവരുടെ ഗ്രാമത്തിലൂടെ ചുറ്റിനടന്ന് , ധാരാളം ചിത്രങ്ങൾ വരച്ചു. ഓരോ ചിത്രം പൂർത്തിയാകുമ്പൊഴും , അമ്മാവൻ അത് ശ്രദ്ധിച്ച് നോക്കുമായിരുന്നു.





ഒരു ദിവസം അമ്മാവൻ യാങ്ങിനെ വിളിച്ചുപറഞ്ഞു, "മോനേ നിന്റെ ചിത്രങ്ങൾ വളരെ മനോഹരമാണ് കെട്ടോ ! നിനക്ക് വരയ്ക്കാന് നല്ല കഴിവുണ്ട്!" അദ്ദേഹം ഒരു മിനിറ്റ് ചിന്തിച്ചു. എന്നിട്ട് പറഞ്ഞു "നമുക്ക് നിന്റെ ചിത്രങ്ങളുടെ ഒരു പ്രദർശനം ഒരുക്കാം. പ്രദർശനത്തിന് അയൽക്കാരെയും നാട്ടുകാരെയും എല്ലാം ക്ഷണിക്കാം . നമ്മുടെ സുഹൃത്തുക്കൾക്കെല്ലാം സന്തോഷമാവും !"

യാങ്ങിന്റെ ചിത്രങ്ങൾ കാണാൻ നിരവധി പേർ വന്നു. എല്ലാവരും അവനെ ഏറെ പ്രശംസിച്ചു . "ഈ ചിത്രങ്ങൾക്ക് ജീവനുള്ളതുപോലെ തോന്നും !" ഒരാൾ പറഞ്ഞു. "തേനീച്ചകൾ നീ വരച്ച പൂക്കളിൽ നിന്ന് തേൻ കുടിക്കാൻ കൊതിച്ചു പോവും !" മറ്റൊരാൾ പറഞ്ഞു. "അവ നീ വരച്ച തേനീച്ചക്കൂടുകളിലേക്ക് പൂമ്പൊടി കൊണ്ടുവരും!"


യാങ്ങിന്റെ അമ്മാവൻ വളരെ സന്തോഷിച്ചു. പ്രദർശനത്തിനുശേഷം അദ്ദേഹം യാങ്ങിനോട് പറഞ്ഞു, "എനിക്ക് പട്ടണത്തിൽ ഒരു സുഹൃത്തുണ്ട്. അദ്ദേഹം നിന്നെ കാണാൻ ആഗ്രഹിക്കുന്നു." അമ്മാവൻ യാങ്ങിന് തന്റെ സുഹൃത്തിന്റെ വീട്ടിലേക്കുള്ള വഴി പറഞ്ഞു കൊടുത്തു .



സത്യത്തിൽ അമ്മാവനെ വിട്ടു പോകാൻ യാങ്ങിന് തീരെ ആഗ്രഹമില്ലായിരുന്നു. പക്ഷേ അമ്മാവൻ സ്നേഹത്തോടെ പറയുമ്പോൾ എങ്ങനെ നിരസിക്കാൻ കഴിയും? അവൻ ബാഗ് പായ്ക്ക് ചെയ്ത് അന്നുതന്നെ പട്ടണത്തിലേക്ക് പുറപ്പെട്ടു.

വിശാലമായ ഒരു വനത്തിലൂടെയാണ് റോഡ് കടന്നുപോയത്. മരങ്ങൾക്കിടയിലൂടെ നടക്കുമ്പോൾ യാങ്ങിന് വലിയ സന്തോഷം തോന്നി! കാട്ടു മുന്തിരിവള്ളികൾ, പൂച്ചെടികൾ, മൃഗങ്ങൾ, പക്ഷികൾ ... എന്തെന്തെല്ലാം കാഴ്ചകളാണ് അവനെ കാത്തിരിക്കുന്നത് !

യാങ്ങ് വഴിയിൽ ഒരിടത്ത് നിന്നുകൊണ്ട് ചിത്രം വരയ്ക്കാൻ തുടങ്ങി . ആദ്യം, പാതയ്ക്കരികിൽ മേയുന്ന ഒരു മാനിനെ വരച്ചു. പിന്നെ മരക്കൊമ്പിൽ ഇരിക്കുന്ന ഒരു ജോഡി മഞ്ഞ പക്ഷികളെ. പിന്നെ പലതരം മരങ്ങളെയും ! യാങ്ങിന് ഓരോന്നിന്റെയും സവിശേഷതകൾ തെളിഞ്ഞു കാണാൻ കഴിഞ്ഞു. അവയെല്ലാം വരച്ചെടുക്കാൻ അവൻ കൊതിച്ചു!



യാങ്ങ് കാട്ടിൽ ദിവസങ്ങളോളം താമസിച്ചു. അവൻ വരച്ചുകൊണ്ടേയിരുന്നു . എല്ലാ രാത്രിയും പാതയോരത്ത് ഒരു വൻ മരത്തിൽ കെട്ടിയുണ്ടാക്കിയിട്ടുള്ള മരക്കുടിലിൽ അവൻ സുരക്ഷിതമായി ഉറങ്ങി.

ഒരു ദിവസം യാങ് ഒരു കാട്ടു പന്നിയെ കണ്ടു. അവൻ അതിന്റെ ചിത്രം വരയ്ക്കുന്നതിനിടയിൽ ഒരാൾ ഓടി വന്നു. അയാൾ പേടിച്ചു വിറച്ച് "കടുവ! കടുവ!" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു

അത് കേട്ടപ്പോൾ എങ്ങനെ രക്ഷപ്പെടാം എന്നായി യാങ്ങിന്റെ ചിന്ത. പെട്ടെന്ന് അവന്റെ മനസ്സിൽ ഒരു ആശയം തെളിഞ്ഞു വന്നു. അവൻ താൻ വരച്ച പന്നിയുടെ ചിത്രം എടുത്ത് കുറ്റിക്കാട്ടിൽ ചാരി വെച്ചു. എന്നിട്ട് അവനും മറ്റേ മനുഷ്യനും കഴിയുന്നത്ര വേഗത്തിൽ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു

താമസിയാതെ കടുവ കുറ്റിക്കാട്ടിലേക്ക് വന്നു. അത് കുറ്റിക്കാട്ടിൽ ചിത്രത്തിൽ കണ്ട "കാട്ടു പന്നി"യെ നോക്കി ഉച്ചത്തിൽ മുരണ്ടു . "ഗ്ർർർർ!" . കടുവ അതിനെ ലക്ഷ്യം വച്ച് കുതിക്കാൻ തയ്യാറായി.

അതിനിടയിൽ , യാങ്ങും ആ മനുഷ്യനും മരക്കുടിലിൽ കയറി രക്ഷപ്പെട്ടു . യാങ്ങിന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നു !

ഒരു ചൈനീസ് കഥ



Publisher Rajalakshmi Srinivasan Memorial Foundation

P. Saraswati V. Vijayakanthi

L. S. Saraswathi S. Rajalakshmi

Malayalam K. K. Krishnakumar

Artist Uma Krishnaswamy